# മാറുന്ന ഭരണവും മാറാത്ത ഭരണവും

**പർവേസ്** മുശർറഫിനെ പിന്തുണച്ച മുസ്‌ലിംലീഗ് ക്യുവിന് ആകെയുള്ള 272ൽ വെറും 38 സീറ്റുകളാണ് പാക് തെരഞ്ഞെടുപ്പിൽ ലഭിച്ചത്. പൊതുഫണ്ടിൽ നിന്ന് കോടികൾ വാരിയെറിഞ്ഞതിനു ശേഷവും ക്യു ലീഗ് എത്തിപ്പെട്ട ഈ ചിത്രം അസാധാരണമാണ്. ജയിൽപുള്ളികളുടെ പോസ്റ്റൽ ബാലറ്റുകളിലൂടെ ഒരു ലക്ഷത്തോളം കള്ളവോട്ടുകളെങ്കിലും ഇവർ സ്വന്തമാക്കിയിരുന്നുവത്രെ. ക്യു ലീഗ് സ്ഥാനാർഥികൾക്ക് നിശ്ചിത എണ്ണം ബാലറ്റ് പേപ്പറുകൾ മുൻകൂട്ടി വിതരണം ചെയ്യപ്പെട്ടിരുന്നുവെന്നും ആരോപണമുയർന്നിരുന്നു. എന്നിട്ടും മുശർറഫിന് മൂന്നാം സ്ഥാനമേ നേടാനായുള്ളൂ എന്നത് തിരിച്ചടിയുടെ ആഘാതം വ്യക്തമാക്കുന്നു. ഈ തോൽവി ഒരു ഭാഗത്ത് ആഹ്ളാദകരമാണെങ്കിൽ കൂടി ആശങ്കാജനകമായ ചില ചിത്രങ്ങളും കാണാതിരുന്നു കൂടാ. കഴിഞ്ഞ തവണത്തെ തെരഞ്ഞെടുപ്പിൽ മുഖ്യ പ്രതിപക്ഷമായിരുന്ന മുത്തഹിദ മജ്‌ലിസെ അമൽ (എം.എം.എ) അടുത്ത അഞ്ചു വർഷത്തേക്ക് പാക് രാഷ്ട്രീയത്തിൽ പ്രത്യക്ഷമായ ഒരു പങ്കും വഹിക്കുന്നില്ല എന്നതാണ് തെരഞ്ഞെടുപ്പിന്റെ മറുവശം. അഴിമതി നടത്തിയിട്ടും മുശർറഫിന് വിജയിക്കാനാവാതെ വരികയും ആസിഫ് സർദാരിക്ക് മേൽക്കൈയുള്ള പുതിയൊരു സർക്കാർ ഉണ്ടാവുകയുമാണ് ചെയ്യുന്നത്. അമേരിക്കൻ വിരുദ്ധർ ഇത്ര കണ്ട് പാർലമെന്റിൽ നിന്ന് പുറത്തു നിൽക്കേണ്ടി വന്ന മറ്റൊരു ഭരണകാലവും പാകിസ്താന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. എം.എം.എയുടെ ശബ്ദം തെരുവിലൊതുങ്ങുകയാണ് എന്ന് വ്യക്തം.

പാകിസ്താനിലെ രണ്ട് പ്രവിശ്യകൾ ഭരിക്കുകയും പാർലമെന്റിൽ 63 സീറ്റുകൾ കൈയടക്കുകയും ചെയ്ത എം.എം.എ ഇത്തവണ തെരഞ്ഞെടുപ്പിൽ മൽസരിച്ചിരുന്നില്ല. പക്ഷേ അവർക്ക് മൂന്നു സീറ്റുകൾ ലഭിച്ചതായി മിക്ക വാർത്താ മാധ്യമങ്ങളും റിപ്പോർട്ടു ചെയ്യുന്നു. ജംഇയ്യത്തുൽ ഉലമായെ ഇസ്‌ലാം നേതാവ് മൗലാനാ ഫസ്‌ലുർറഹ്മാന് ലഭിച്ച സീറ്റുകളെ എം.എം.എയുടെ പട്ടികയിൽ വരവു വെക്കുകയാണ് ഇക്കൂട്ടർ. കഴിഞ്ഞ പാർലമെന്റിൽ അദ്ദേഹം മുന്നണിയുടെ നേതാവായിരുന്നെങ്കിലും പിൽക്കാലത്ത് എം.എം.എ അദ്ദേഹത്തെ തള്ളിപ്പറയുകയാണ് ചെയ്തത്. ഫസ്‌ലുർറഹ്മാനെ വോട്ടർമാരും തള്ളിപ്പറഞ്ഞു. ദേര ഇസ്മാഈൽ ഖാൻ മണ്ഡലത്തിലെ പരമ്പരാഗത സീറ്റിൽ ഇക്കുറി പരാജയപ്പെട്ടത് അപ്രതീക്ഷിതമായിരുന്നു. ഭരണഘടനാ ഭേദഗതിയും വനിതാ ബില്ലും അടക്കമുള്ള വിഷയങ്ങളിൽ മുശർറഫിന്റെ വക്കാലത്ത് ഏറ്റെടുക്കാൻ മൗലാന നിർബന്ധിതനായെങ്കിലും മുന്നണിയിലെ മറ്റ് ഘടക കക്ഷികൾക്കൊന്നും ഈ ഗതികേട് ഉണ്ടായിരുന്നില്ല. വടക്കൻ പ്രവിശ്യയിലെ മിതവാദി സംഘടനയായ അവാമി നാഷണൽ ലീഗ് ഇക്കുറി എം.എം.എയെ തകർത്തുവെന്നാണ് കേരളത്തിലടക്കം മാധ്യമങ്ങൾ എഴുതി വിടുന്നത്. അവാമി ലീഗിനെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കെട്ടുകെട്ടിച്ചത് എം.എം.എ ആയിരുന്നുവെങ്കിലും ഇക്കുറി ക്യുലീഗും പി.പി.പിയും നവാസ് ശരീഫുമായിരുന്നു അവർക്കെതിരെ മൽസരിച്ചത്. മൽസരം പോയിട്ട് വോട്ടെടുപ്പിൽ പോലും എം.എം.എ പങ്കെടുത്തിട്ടില്ല എന്നതാണ് വസ്തുത.

പരാജയം സമ്മതിച്ച് സ്ഥാനമൊഴിയുന്നതിനു പകരം പി.പി.പി-നവാസ് ശരീഫ് സഖ്യം രൂപപ്പെടുന്നത് തടയാനാണ് മുശർറഫ് അവസാനം വരെ കളിച്ചത്. അതായത് തനിക്കെതിരെ ഇംപീച്ച്മെന്റ് ഉണ്ടാവുന്നത് തടയാനുള്ള ശ്രമങ്ങൾ. പാകിസ്താനെ അമേരിക്കയുടെ പന്തിയിൽ നിന്ന് മോചിപ്പിക്കാൻ ആരു ഭരണത്തിലേറിയാലും ഇപ്പോൾ കഴിയില്ലെന്നതാണ് സത്യം. അത്രകണ്ട് ആ രാജ്യം അമേരിക്കയുടെ പിടിയിൽ അമർന്നു കഴിഞ്ഞു. പക്ഷേ, വെറുമൊരു അമേരിക്കൻ സഖ്യരാഷ്ട്രം എന്നതായിരുന്നില്ല മുശർറഫ് അധികാരത്തിലിരുന്ന കാലത്ത് പാകിസ്താന്റെ ചിത്രം. സ്വന്തം ജനതക്കെതിരെ അമേരിക്കക്കു വേണ്ടി സൈന്യത്തെ അയച്ചും പാകിസ്താന്റെ പ്രവിശ്യക്കുള്ളിൽ ഇഷ്ടമുള്ളപ്പോൾ കയറിവന്ന് തോന്നിയതുപോലെ അഴിഞ്ഞാടാൻ അമേരിക്കയെ അനുവദിച്ചും പാകിസ്താനെ ഒരു അടിമരാജ്യമാക്കുകയാണ് മുശർറഫ് ചെയ്തത്. മുശർറഫിനെ ഇംപീച്ച് ചെയ്യുക എന്നാൽ ഈ അമിത സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുക എന്നാണ് അർഥം. അമേരിക്കക്കെതിരെ നടക്കുന്ന യഥാർഥ പോരാട്ടങ്ങൾ ചെറിയൊരു ഇടവേളക്കു ശേഷം പാകിസ്താനിൽ ശക്തിപ്പെടുന്ന സാഹചര്യമുണ്ടാവുമെന്നും ഈ ഇംപീച്ച്മെന്റിന് അർഥമുണ്ട്. എത്ര തന്നെ 'സ്വതന്ത്രവും നീതിപൂർവകവുമായ' തെരഞ്ഞെടുപ്പാണ് നടന്നതെങ്കിൽ പോലും സമ്പൂർണ അധികാരമുള്ള ഒരു ഗവൺമെന്റ് അധികാരത്തിലേറുമെന്ന് വിശ്വസിക്കുന്നതിൽ അർഥമില്ലാതാവുന്ന സാഹചര്യങ്ങളാണ് ഇവയെല്ലാം.

എം.എം.എ അധികാരത്തിൽ നിന്ന് പുറത്തായ സാഹചര്യത്തെ അനുകൂലമാക്കിയെടുക്കാനാണ് അമേരിക്കയുടെയും മുശർറഫിന്റെയും ശ്രമം. പ്രസിഡന്റ് പദവിയിൽ മുശർറഫ് തന്നെ തുടരുന്നത് ഉറപ്പു വരുത്താനാണ് എല്ലാ ചരടുവലികളും. മതസംഘടനകളുമായി അടുപ്പത്തിലുള്ള നവാസ് ശരീഫിനെ കൂടി തഴഞ്ഞാൽ അമേരിക്കക്ക് പഴയതു പോലെ മുശർറഫിനെ ഉപയാഗിച്ച് പാകിസ്താനിൽ തങ്ങളുടെ അജണ്ടയുമായി മുന്നോട്ടു പോകാം. തെരഞ്ഞെടുപ്പിന് മുമ്പ് ക്യു ലീഗിനെ ഖാതിൽ ലീഗ് (കൊലയാളി ലീഗ്) എന്നായിരുന്നു ആസിഫ് സർദാരി വിശേഷിപ്പിച്ചത്. ഇതേ സർദാരി മുശർഫിനെ അധികാരത്തിൽ നിന്നു പുറത്താക്കുന്ന കാര്യത്തിൽ പിന്നീട് വ്യക്തമായ അഭിപ്രായം പറയാതിരിക്കുകയാണ്. മുശർഫിനെ സംബന്ധിച്ചേടത്തോളം നിർണായകമായ മറ്റൊരുകാര്യമാണ് സുപ്രീംകോടതി ജഡ്ജിമാരുടെ പുനർനിയമനം. തന്റെ പ്രസിഡന്റ് പദവിയെ ആരെങ്കിലും കോടതിയിൽ ചോദ്യം ചെയ്യുമോ എന്നു ഭയന്ന് ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ ചൗധരി അടക്കം 60 ജഡ്ജിമാരെയാണ് മുശർറഫ് പിരിച്ചുവിട്ടതും വീട്ടുതടങ്കലിലാക്കിയതും. ഇവരെ തിരികെ നിയമിക്കണമെന്ന ആവശ്യത്തിന്റെ കാര്യത്തിലും സർദാരി ഉരുണ്ടുകളിക്കുകയാണ്. മുശർറഫിനെ അധികാരത്തിൽ നിന്ന് പുറത്താക്കണമെങ്കിൽ ഇക്കാര്യങ്ങളിൽ പി.പി.പിക്ക് വ്യക്തമായ നിലപാട് എടുക്കാതെ കഴിയില്ല. പ്രധാനമന്ത്രിയിൽ നിന്ന് അധികാരം പ്രസിഡന്റിലേക്കു മാറ്റിയ ഭരണഘടനാ ഭേദഗതിയടക്കമുള്ള കാര്യങ്ങൾ പാർലമെന്റ് തീരുമാനിക്കട്ടെയെന്നാണ് സർദാരിയുടെ നിലപാട്. പ്രസിഡന്റ് പദവിയിൽ മുശർറഫ് തുടരുന്ന കാര്യത്തെ കുറിച്ചും പി.പി.പിക്ക് ഇതേ നിലപാടാണ്. പാർലമെന്റ് ഇതു തീരുമാനിക്കട്ടെയെന്നു പറയുമ്പോൾ അവിടെ തനിക്കും ഒപ്പമുള്ളവർക്കും മതിയായ ഭൂരിപക്ഷമില്ലെന്ന് സർദാരിക്ക് അറിയാത്തതല്ല.

മുശർറഫിൽ നിന്ന് ഒരു സർക്കാർ രൂപീകരിക്കാനാവശ്യമായ സമയം നേടിയെടുക്കാനാണ് ഈ കളികളെങ്കിൽ സർദാരിയുടേത് മികച്ച രാഷ്ട്രീയം തന്നെ. പക്ഷേ, മുശർറഫിനെ അംഗീകരിച്ചുകൊണ്ട് മുന്നോട്ടു പോവാനാണ് ഭാവമെങ്കിൽ അത് പാകിസ്താൻ എന്ന രാജ്യം നാമാവശേഷമാകുന്നേടത്തേക്കായിരിക്കും കാര്യങ്ങൾ എത്തിപ്പെടുക.